LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) താമസിക്കുന്ന വീടിന്റെ അടുക്കളയിലും വീടിനുള്ളിലും മൃതദേഹങ്ങൾ കുഴിച്ചിടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം മൃതശരീരങ്ങൾക്ക് മാന്യമായ സംസ്കാരം ലഭിക്കണമെങ്കിൽ നിർബന്ധമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പൊതുശ്മശാനം സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശ്മശാനം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തുന്നതിലേക്ക് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നൽകിവരുന്നു. ഇതിലേക്കുള്ള ധനസഹായത്തിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് അർഹരായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചുവരുന്നു. 2015-16 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഡ്രൈവർമാരുടെ നിയമനം

217 (3424) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ; ഇവർക്ക് നിശ്ചയിച്ചിരിക്കുന്ന ശമ്പള ഘടനയെപ്പറ്റിയുള്ള വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ ജോലി ചെയ്ത് വരുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ജില്ലാ, ബ്ലോക്ക്,ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ആകെ എത്ര പേർ ഡ്രൈവർമാരായി ജോലി ചെയ്യുന്നുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ഥിരം നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. ഇവരുടെ ശമ്പള സ്കെയിൽ 9190-15780 രൂപയാണ്.

(ബി) പരിശോധിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ജില്ലാഗ്രാമപഞ്ചായത്തുകളിലെ ഒഴിവുകൾ

218 (3425) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണം

219 (3426) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ക്ഷേമപെൻഷനുകൾ പോസ്റ്റാഫീസ് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിക്ക പോസ്റ്റ് ഓഫീസുകളിലും ഇവ കൈകാര്യം ചെയ്യുന്നതിന് മതിയായ ജീവനക്കാരും ഭൗതിക സാഹചര്യവും ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. തപാൽ വകുപ്പിന്റെ ഏറ്റവും താഴേത്തട്ടിൽ യുക്തമായി വിതരണം ചെയ്തോയെന്ന് അറിയുന്നതിനുള്ള സാങ്കേതിക സംവിധാനം സമയബന്ധിതമായി പ്രവർത്തിക്കുന്നില്ല. കൂടാതെ തപാൽ ഓഫീസുകളുടെ വിവിധ കോഡുകൾ മുന്നറിയിപ്പില്ലാതെ ഇടയ്ക്കിടയ്ക്ക് മാറുന്നത് സുഗമമായ വിതരണത്തിന് തടസ്സമാകുന്നു. പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly